# കേരള കാർഷികസർവകലാശാല

## പ്രാദേശിക കാർഷിക ഗവേഷണകേന്ദ്രം പിലിക്കോട്

കാസറഗോഡ്–671310, 0467 226 0632, rarspil@kau.in


ബി2- 572/2026 തീയതി: 31.01.2026

## ദർഘാസ് പരസ്യം

പിലിക്കോട് പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രത്തിൽ 2026 ഫെബ്രുവരി 22 മുതൽ മാർച്ച് 8 വരെ നടത്തുന്ന 'ആർ.എ.ആർ.എസ് ഫാം കാർണിവൽ -2026' എന്ന പ്രദർശന മേളയുടെ ഭാഗമായി വിപണന സ്റ്റാളുകൾ, ഗ്രീൻ നെറ്റ് നഴ്സറി ദിവസ വാടകയിനത്തിൽ ഏറ്റെടുത്ത് കച്ചവടം നടത്തുന്നതിന് വ്യക്തികൾ/ സ്ഥാപനങ്ങൾ/സ്വാശ്രയ സംഘങ്ങൾ എന്നിവരിൽ നിന്നും മത്സരാടിസ്ഥാനത്തിലുള്ള ദർഘാസ് ക്ഷണിച്ചുകൊള്ളുന്നു. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| ദർഘാസ് പരസ്യ നമ്പർ | **ബി2- 572/2026** |
| ദർഘാസ് സ്വീകരിക്കുന്നതിനുള്ള അവസാന തീയ്യതി | **09.02.2026 ഉച്ചയ്ക്ക് 12.00 മണി** |
| ദർഘാസ് ഉറക്കുന്ന തീയതി | **09.02.2026 ഉച്ചയ്ക്ക് 12.30 മണി** |
| ദർഘാസ് സ്വീകരിക്കുന്ന ഉദ്യോഗസ്ഥന്റെ പേരും മേൽ വിലാസവും | **അസോസിയേറ്റ് ഡയറക്ടർ പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം, പിലിക്കോട്** |
| നിരത ദ്രവ്യം | **1500/- രൂപ** |
| ദർഘാസ് അടക്കം ചെയ്ത കവറിനു പുറത്ത് രേഖപ്പെടുത്തേണ്ടത്. | **"വിപണന സ്റ്റാളുകൾ, ഗ്രീൻ നെറ്റ് നഴ്സറി എന്നിവ ഏറ്റെടുത്ത് നടത്തുന്നതിനുള്ള ദർഘാസ്"** |

- **"വിപണന സ്റ്റാളുകൾ ദിവസ വാടകയിനത്തിൽ ഏറ്റെടുത്ത് നടത്തുന്നതിനുള്ള ദർഘാസ്"** എന്ന പുറത്തെഴുത്ത് രേഖപ്പെടുത്തിയ ദർഘാസ് **അസോസിയേറ്റ് ഡയറക്ടർ, പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം, പിലിക്കോട്** എന്ന വിലാസത്തിൽ 09.02.2026 ന് 12.00 മണിക്ക് മുമ്പായി എത്തിക്കേണ്ടതോ അയക്കേണ്ടതോ ആണ്. നിശ്ചിത സമയം കഴിഞ്ഞ് ലഭിക്കുന്ന ദർഘാസുകൾ സ്വീകരിക്കുന്നതല്ല. ദർഘാസുകൾ അന്നേ ദിവസം 12.30-ന് ഉറക്കുന്നതായിരിക്കും.
- **ക്വട്ടേഷനിൽ പങ്കെടുക്കുന്നവർ 1500/- രൂപ നിരത ദ്രവ്യം അടയ്ക്കേണ്ടതാണ്.**
- വാണിജ്യ വിപണന സ്റ്റാളുകൾ, കാർഷിക സ്റ്റാളുകൾ, കർഷകർക്ക് സ്വന്തം ഉത്പന്നങ്ങൾ വിൽക്കാനുള്ള സ്റ്റാളുകൾ, സ്വയം തൊഴിൽ സംരംഭകരുടെ സ്റ്റാളുകൾ, നഴ്സറി സ്റ്റാളുകൾ, എന്നിവയ്ക്ക് മുൻഗണന ഉണ്ടായിരിക്കുന്നതാണ്.
- സ്റ്റാളിലൂടെ വിപണനം ചെയ്യുന്ന ഉത്പന്നങ്ങളുടെ പൂർണ്ണ ഉത്തരവാദിത്തം സ്റ്റാൾ നടത്തിപ്പുകാർക്ക് ആയിരിക്കും.
- സ്റ്റാളിലൂടെ വിതരണം ചെയ്യുന്ന ഭക്ഷണ സാധനങ്ങൾ ശുചിത്വമുള്ളതായിരിക്കണം.
- ലഹരി വസ്തുക്കൾ, ആരോഗ്യത്തിന് ഹാനികരമാകുന്ന മറ്റു പദാർത്ഥങ്ങൾ, വിൽപ്പന നിരോധിച്ച വസ്തുക്കൾ എന്നിവ സ്റ്റാളുകളിലൂടെ വില്പന ചെയ്യാൻ അനുവദിക്കുന്നതല്ല.
- ദർഘാസ് സ്വീകരിക്കുന്നതിനോ കാരണം കാണിക്കാതെ തള്ളിക്കളയുന്നതിനോ ഉള്ള പൂർണ്ണ അധികാരം അസോസിയേറ്റ് ഡയറക്ടറിൽ നിക്ഷിപ്തമാണ്. സർക്കാർ ദർഘാസിന്റെ പ്രസക്തമായ എല്ലാ നിയമങ്ങളും ഇതിനും ബാധകമാണ്.
- വിജയിക്കുന്ന ദർഘാസുകാരൻ ആകെ തുകയുടെ 5% സെക്യൂരിറ്റി അടയ്ക്കേണ്ടതാണ്.

....

- 3m x 2m വിസ്തീർണ്ണമുള്ള മേൽക്കൂരയോട് കൂടിയ വാണിജ്യ സ്റ്റാൾ ഒന്നിന് അടിസ്ഥാന വാടക 500/-രൂപ പ്രതിദിനം + ജി.എസ്.ടി. ഓരോ 5 ദിവസത്തെയും വാടക മുൻകൂർ അടക്കേണ്ടതാണ്.
- ഗ്രീൻ നെറ്റ് സ്റ്റാളുകൾക്ക് അടിസ്ഥാന വാടക ഒരു സ്ക്വയർഫീറ്റിന് പ്രതിദിനം 10/- രൂപ + ജി.എസ്.ടി. ഓരോ 5 ദിവസത്തെയും വാടക മുൻകൂർ അടക്കേണ്ടതാണ്.
- ഹരിത പ്രോട്ടോക്കോൾ പാലിച്ച് ജൈവ/അജൈവ മാലിന്യങ്ങൾ നീക്കം ചെയ്യേണ്ടതാണ്.
- രാവിലെ 9 മണി മുതൽ രാത്രി 10 മണി വരെയായിരിക്കും പ്രദർശന സമയം.
- ദർഘാസ് ദിവസം ഏതെങ്കിലും കാരണവശാൽ അവധിയാവുകയാണെങ്കിൽ തൊട്ടടുത്ത പ്രവൃത്തി ദിവസം തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് പ്രവൃത്തി ദിവസങ്ങളിൽ ഈ ഓഫീസുമായി ബന്ധപ്പെടാവുന്നതാണ്. ഫോൺ: 9400087934..

ഒപ്പ്/-
ഡോ.വനജ.ടി
അസോസിയേറ്റ് ഡയറക്ടർ

പകർപ്പ്:

1. പഞ്ചായത്ത് ഓഫീസ് പിലിക്കോട്/ചെറുവത്തൂർ, നീലേശ്വരം മുനിസിപ്പാലിറ്റി
2. നോട്ടീസ് ബോർഡ്, ഓഫീസ്/ഫാം
3. ഡോ.സുമേഷ്.കെ.വി, അസിസ്റ്റന്റ് പ്രൊഫസർ

**// അംഗീകാരത്തോടെ//**

**സെക്ഷൻ ഓഫീസർ**